ഉത്തരം

(എയും, ബിയും) വിവരങ്ങൾ അടങ്ങുന്ന ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ഏഴിമല നേവൽ അക്കാഡമി പ്രദേശത്തേക്ക് ഗവൺമെന്റ് നിർമ്മിച്ചു കൊടുക്കേണ്ട റോഡുകളും പാലങ്ങളും

1383. [1973] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപ മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴിമല നേവൽ അക്കാഡമി പ്രദേശത്തേക്ക് സംസ്ഥാന ഗവൺമെന്റ് നിർമ്മിച്ചുകൊടുക്കേണ്ട റോഡുകൾ ഏതൊക്കെയാണ് ; പാലങ്ങൾ ഏതൊക്കെയാണ് ;

(ബി) ഇതിൽ ഏതെല്ലാം റോഡുകളുടെയും പാലങ്ങളുടെയും പണിയാണ് ആരംഭിച്ചിട്ടുള്ളത് ?

ഉത്തരം

(എയും, ബിയും) വിവരങ്ങൾ അടങ്ങുന്ന ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ഗോതുരുത്ത് പാലത്തിന്റെ നിർമ്മാണം

1384. [1974] ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ താലൂക്കിൽ ശ്രീ നാരായണപുരം പഞ്ചായത്തിൽപ്പെട്ട ഗോതുരുത്തു പാലത്തിന്റെ നിർമ്മാണം ആരംഭിക്കാത്തത് എന്തുകൊണ്ടാണ് ;

(ബി) എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കും ;

(സി) ഇതിന് എത്ര സംഖ്യ ചെലവു വരും ?

ഉത്തരം

(എ) സ്ഥലം ഏടുപ്പിനുള്ള കാലതാമസം കാരണം ഗോതുരുത്തു പാലത്തിനു 1980-ൽ അംഗീകരിച്ച എസ്റ്റിമേറ്റ് പുതുക്കേണ്ടിവന്നു. സി. ആർ. എഫിൽനിന്നും കൂടുതൽ കേന്ദ്രസഹായം ലഭിക്കുന്നതിന് ഒരു ഉദ്യമം നടത്തിനോക്കി അതും ഫലിക്കുകയുണ്ടായില്ല. അതിനാലാണ് കാലതാമസം വന്നത്.

(ബി) പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരികയാണ്. ഭരണാനുമതി നൽകിയതിനുശേഷമേ പണി തുടങ്ങാൻ കഴിയൂ.

(സി) ഇതിന്റെ പുതുക്കിയ എസ്റ്റിമേറ്റ് 54.38 ലക്ഷം രൂപയാണ്.

† അനുബന്ധം III

അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly